## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3970 — 21/10/2016 ൽ മറുപടിക്ക്

### സർക്കാർ പുറംപോക്ക് ഭൂമിയിലെ താമസക്കാർക്ക് വീട്ട് നമ്പർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആന്റണി ജോൺ** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | സർക്കാർ പുറംപോക്ക് ഭൂമിയിൽ താമസിക്കുന്ന നിരവധി ആളുകൾക്ക് വീട്ട് നമ്പർ കിട്ടാത്തതു കൊണ്ട്, റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടി സ്വീകരിക്കുമോ; | എ) ഉണ്ട്. 04/08/2012 ലെ സ.ഉ.(എം.എസ്) നം. 211/2012/തസ്വഭവ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് 235 (എഎ), 235 (ഡബ്ല്യു), കേരള മുനിസിപ്പൽ ആക്ട് 242, 406 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾക്ക് വിധേയമായി താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 09/12/2015 ലെ സ.ഉ. (എം.എസ്) നം. 351/2015/ തസ്വഭവ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം 04/06/2012 നു ശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ച.മീ.വരെയുള്ള വാസ ഗൃഹങ്ങൾക്കുകൂടി താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| ബി) | ഇത്തരം വീടുകൾക്ക് വൈദ്യുതി കണക്ഷനും, റേഷൻ കാർഡും ലഭിക്കുന്നതിനു വേണ്ടി താല്ക്കാലിക മായ വീട്ട് നമ്പർ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ബി) 04/08/2012 ലെ സ.ഉ.(എം.എസ്) നം.211/2012/ തസ്വഭവ, 09/12/2015 ലെ സ.ഉ.(എം.എസ്) നം. 351/2015/തസ്വഭവ, എന്നീ ഉത്തരവുകൾ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 235 (എഎ), 235 (ഡബ്ല്യു), കേരള മുനിസിപ്പൽ ആക്ട് 242,406 എന്നീ വകുപ്പുകളിലെ നടപടിക്രമങ്ങൾക്ക് വിധേയമായി താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ |

........2

| | | |
|---|---|---|
| | | നൽകുവാൻ പഞ്ചായത്ത്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി അധികൃതർക്ക് അധികാരം നൽകി ഉത്തരവായിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ